# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.170/PR/PIC/PHQ/18 Date : 06.07.2018

## വ്യാജ എ.ടി.എം കാർഡുകൾ സൃഷ്ടിച്ച് പണം തട്ടുന്ന സംഘത്തിലെ പ്രധാനി അറസ്റ്റിൽ

ക്രെഡിറ്റ് കാർഡ് കസ്റ്റമേഴ്സിന്റെ വിവരങ്ങൾ ചോർത്തി ബാങ്ക് ഓഫീസേഴ്സ് എന്ന വ്യാജേന ഫോൺ വിളിച്ച് ഒ.ടി.പി. കരസ്ഥമാക്കി ഓൺലൈൻ മുഖേന പണം തട്ടുന്ന ഡൽഹി സംഘത്തിലെ പ്രധാനിയെ സൈബർ ക്രൈം പോലീസ് ഡൽഹിയിൽ നിന്നും അറസ്റ്റു ചെയ്തു. ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കളുടെ രജിസ്റ്റേഡ് ഫോൺ നമ്പരിൽ വിളിച്ച് റിവാർഡ് പോയിന്റ് ലഭിച്ചിട്ടുണ്ടെന്നും അത് അക്കൗണ്ടിലേക്ക് ക്രെ ഡിറ്റ് ആകണമെങ്കിൽ മൊബൈലിൽ ലഭിക്കുന്ന ഔ.ടി.പി. നമ്പർ പറഞ്ഞു തരണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ വ്യാജമായി ഒടി.പി. നമ്പർ കരസ്ഥമാക്കി കസ്റ്റമേഴ്സിന്റെ അക്കൗണ്ടിൽ നിന്നും പണം വിവിധ ഈ - വാലറ്റുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും തുടർന്ന് ഐ.എം.പി.എസ്. മുഖേന വ്യാജമായി കരസ്ഥമാക്കിയ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിവിധ ബാങ്കുകളുടെ എ.ടി.എം ഉപയോഗിച്ച് പണം തട്ടിയെടു ക്കുന്ന സംഘത്തിലെ പ്രധാനിയായ സുരേഷിനെ ഡൽഹിയിൽനിന്നും സൈബർ ക്രൈം പോലീസ് അറസ്റ്റു ചെയ്തു. തമിഴ്നാട് സേലം സ്വദേശിയും ഡൽഹി ആർ.കെ.പുരം സെക്ടർ 6 നെഹ്റു ഏകതാ കോളനിയിൽ താമസിക്കുന്ന സുരേഷിനെയാണ് സൈബർ ക്രൈം പോലീസ് അറസ്റ്റു ചെയ്തത്. രണ്ടു മാസങ്ങൾക്കു മുൻപാണ് ഈ കേസിന് ആധാരമായ പരാതി കവടിയാർ സ്വദേശിയിൽ നന്ന് ലഭിക്കുന്നത്. പരാതിക്കാരിയുടെ ഫോണിൽ ക്രെഡിറ്റ് കാർഡിന്റെ ചെന്നൈ ഓഫീസിൽ നിന്നും വിളിക്കുന്നു എന്ന വ്യാജേന വിളിച്ച് 25000 രൂപയുടെ റിവാർഡ് പോയിന്റ് ലഭിച്ചിട്ടുണ്ടെന്നും അത് അക്കൗ ണ്ടിലേക്ക് ക്രെഡിറ്റ് ആകണമെങ്കിൽ മൊബൈലിൽ ലഭിക്കുന്ന ഒ.ടി.പി. നമ്പർ പറഞ്ഞു കൊടുക്കാനും ആവശ്യപ്പെട്ടു. പണം നഷ്ടപ്പെട്ട വ്യക്തിയുടെ അക്കൗണ്ട് വിവരങ്ങൾ പറഞ്ഞത് വിശ്വസിച്ചാണ് ഒ.ടി.പി. പറഞ്ഞു കൊടുത്തതും പണം നഷ്ടമായതും.

The contents of this document may be deemed to be based on received information which is subject to further verification

പരാതിക്കാരിയുടെ ഫോണിലേക്ക് വിളിച്ച മൊബൈൽ നമ്പരിന്റെ അഡ്രസ് പരിശോധിച്ചതിൽ വ്യാജമാണെന്ന് അറിയാൻ കഴിഞ്ഞു. തുടർന്ന് നടത്തിയ പരിശോധനയിൽ വിളിച്ച ഫോൺ നമ്പരിന്റെ ടവർ ലൊക്കേഷൻ സൗത്ത് വെസ്റ്റ് ഡൽഹിയിലെ ആർ.കെ പുരമാണെന്ന് മനസ്സിലായി ആ നമ്പരിന്റെ ലൊക്കേഷൻ വ്യത്യാസപ്പെടുന്നില്ല എന്നു മനസ്സിലാക്കിയതിനാൽ ആ നമ്പരിന്റെ ഐ.എം ഇ.ഐ. നമ്പർ പരിശോധിച്ച് പതിനായിരത്തോളം മൊബൈൽ നമ്പരുകൾ പരിശോധിച്ചുമാണ് പ്രതിയുടെ കൃത്യമായ ലൊക്കേഷൻ മനസ്സിലാക്കാൻ കഴിഞ്ഞത്. പ്രതിയുടെ ലൊക്കേഷൻ ആർ.കെ. പുരം സെക്ടർ 6, സെക്ടർ 7 എന്നിവിടങ്ങളിലെ കുപ്രസിദ്ധമായ കോളനിയിൽ ആയതിനാൽ നേരിട്ട് പ്രതിയെ പിടികൂടുന്നത് ബുദ്ധിമുട്ടായതിനാൽ പോലീസ് സംഘത്തിലുള്ളവർ പച്ചക്കറി കച്ചവടക്കാരായും ഒരു സ്വകാര്യ ബാങ്കിന്റെ അക്കൗണ്ട് ഓപ്പണിങ്ങ് കാമ്പെനിലെ അംഗമായും കോളനിയിൽ പ്രവർത്തിച്ചാണ് സി.സി.ടി.വി. ഫൂട്ടേജിലുള്ള വ്യക്തതിയെ തിരിച്ചറിഞ്ഞത്. പ്രദേശവാസിയായ ഒരാളുടെ സഹായത്തോടെ പ്രതിയെ നിരീക്ഷിച്ച് കോളനിക്ക് പുറത്തെത്തിച്ചാണ് അറസ്റ്റു ചെയ്തത്.

ഒ.ടി.പി.മുഖേന തട്ടിപ്പ് നടത്തി ലഭിച്ച പണം വിവിധ ഇ-വാലറ്റുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും തുടർന്ന് വിവിധ വ്യാജ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഐ. എം.പി.എസ്. മുഖേന ട്രാൻഫർ ചെയ്ത് വിവിധബാങ്കുകളുടെ എ.ടി.എം മുഖേന പണം പിൻവലിക്കുകയാണ് സംഘത്തിന്റെ രീതി. ഇങ്ങനെ തട്ടിയെടുക്കുന്ന പണം ആഡംബര ജീവിതം നയിക്കുന്നതിനാണ് പ്രതികൾ ഉപയോഗിക്കുന്നത്.

കവടിയാർ സ്വദേശിക്ക് വന്ന ഫോൺ കോളിന്റെ ഐ.എം.ഇ.ഐ. നമ്പർ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിയെങ്കിലും തുടരെ തുടരെ മൊബൈലുകൾ മാറി മാറി ഉപയോഗിച്ചതിനാൽ ആദ്യഘട്ടത്തിൽ വിവരങ്ങൾ ഒന്നും തന്നെ കിട്ടിയില്ല. പണം ട്രാൻസ്ഫർ ചെയ്യാൻ ഉപയോഗിച്ച ഈ-മെയിൽ ഐ.ഡികളും ഫോൺ നമ്പരുകളും വ്യാജമായിരുന്നു. പ്രതികൾ ഉപയോഗിച്ച സിം കാർഡുകളും അക്കൗണ്ടുകളും വ്യാജമായിരുന്നു. പതിനായിരത്തോളം കോളുകളും 35 ഓളം ഐ.എം.ഇ.ഐ. നമ്പരുകളും പരിശോധിച്ചാണ് സൈബർ പോലീസ് സംഘം ഡൽഹി ആർ.കെ പുരത്ത് എത്തുന്നത്. ഡൽഹി ആർ.കെ പുരം സെക്ടർ 6, സെക്ടർ 7 ലെയും കോളനി പ്രദേശത്തായിരുന്നു. നിരീക്ഷണത്തിലുള്ള ഒരു ഫോണിന്റ ടവർ ലൊക്കേഷൻ.

രണ്ടു ലക്ഷത്തോളം പേർ താമസിക്കുന്ന കോളനിക്കുള്ളിൽ തട്ടിപ്പിനായി പ്രതി ഒരു ഓഫീസ് വാടകയ്ക്കെടുത്തിട്ടുണ്ടായിരുന്നു. ബാങ്ക് കസ്റ്റമേഴ്സിന്റെ വിവരങ്ങൾ 4

രൂപയ്ക്കാണ് തട്ടിപ്പു സംഘം വാങ്ങിയിരുന്നത്. തട്ടിപ്പു നടത്തുന്നതിലേയ്ക്കായി വ്യാജ അക്കൗണ്ടുകൾ പ്രതികൾ വാങ്ങിയിരുന്നത് 45,000 രൂപ മുതൽ 50,000 രൂപയ്ക്കും വ്യാജ സിം കാർഡുകൾ 450 രൂപ മുതൽ 1000 രൂപ വരെയാണ് പ്രതികൾ നല്കിയിരുന്നത്. നോയിഡയിലും മുനിർക, മാളവ്യ നഗർ എന്നീ സ്ഥലങ്ങളിലെ കാൾ സെന്ററുകളിൽ പ്രതികൾക്ക് പരിശീലനം ലഭിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

മലയാളിയാണ് വിളിക്കുന്നതെങ്കിൽ തമിഴ് കലർന്ന മലയാള സംസാര രീതിയും തമിഴ് നാട്ടിലുള്ളവരാണെങ്കിൽ തമിഴിലും, ആന്ധ്ര സ്വദേശിയാണെങ്കിൽ തെലുങ്കു കലർന്ന സംസാര രീതിയായിരിക്കും തട്ടിപ്പുകാർ സ്വീകരിക്കുന്നത്.

സംഘത്തിലെ രണ്ടുപേരെ കൂടി ഇനി പിടികൂടുവാനുള്ളു. അറസ്റ്റു ചെയ്ത സുരേഷിനെ പാട്യാല ഹൗസ് കോടതിയിൽ ഹാജരാക്കി തീഹാർ ജയിലിലേക്ക് റിമാൻഡ് ചെയ്തിട്ടുള്ളതാണ്. പ്രതിയെ ട്രാൻസിസ്റ്റ് വാറണ്ടിൽ കേരളത്തിൽ കൊണ്ടു വന്ന് തിരുവനന്തപുരം ജുഡീഷ്യൽ കോടതിയിൽ ഹാജരാക്കി. സംസ്ഥാന പോലീസ് മേധാവി ലോകനാഥ് ബഹ്റക്കു നല്കിയ പരാതിയിൽ ക്രൈം ബ്രാഞ്ച് ഐ.ജി.ശ്രീജിത്തിന്റെ നിർദ്ദേശപ്രകാരമാണ് സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്. സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡി.വൈ.എസ്.പി. (എസ്.എച്ച്.ഒ) എം ഇക്ബാലിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ എൻ.ബിജു, സബ് ഇൻസ്പെക്ടർ, ജി.എസ്.രതീഷ്, സിവിൽ പോലീസ് ഓഫീസർമാരായ വി.എസ്.വിനു, അനീഷ് എന്നിവരാണ് പ്രതിയെ ഡൽഹിയിൽ നിന്നും അറസ്റ്റു ചെയ്തത്.